**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയ ഗുരുവായൂർ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകുന്നത് - സംബന്ധിച്ച്.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**89/2024/LSGD** തീയതി,തിരുവനന്തപുരം, **14-07-2024**

---

പരാമർശം:- **1.** **02.03.2023** തീയതിയിലെ സ.ഉ.

(കൈ.)നം.**62/2023**/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്

**2.** ഗുരുവായൂർ നഗരസഭ കൗൺസിലിന്റെ **24.02.2024**

തീയതിയിലെ **1**-ാം നമ്പർ കൗൺസിൽ തീരുമാനം

**3.** ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ **04.03.2024**
തീയതിയിലെ ഇ**5/18794/2018** നമ്പർ കത്ത്.

**4.** മുഖ്യനഗരാസൂത്രകന്റെ **14.03.2024** തീയതിയിലെ
എൽ.എസ്.ജി.ഡി./പിഡി/**20970/2023**-ടിസിപിബി**3** നമ്പർ
കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ കീഴിൽ ഗുരുവായുർ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ , കരട് മാസ്റ്റർ പ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(2) കരട് മാസ്റ്റർപ്ലാനിന്മേൽ ലഭ്യമായ ആക്ഷേപാഭിപ്രായങ്ങൾ പരിശോധിച്ച ശേഷം, സ്പെഷ്യൽ കമ്മിറ്റിയുടെയും കാൺസിലിന്റെയും ശുപാർശ രേഖപ്പെടുത്തിയ ഫാറം-1 ഭേദഗതികളോടെ ശുപാർശ ചെയ്യുവാനും ഭേദഗതികളോടെ പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ പാസ്സാക്കുവാനും അന്തിമ അനുമതിക്കായി സർക്കാരിലേയ്ക്ക് അയച്ചു നൽക്കുവാനും പരാമർശം (2) പ്രകാരം

ഗുരുവായൂർ നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും ആയതിൻപ്രകാരം പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ സർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാക്കുന്നതിനു പരാമർശം (3) പ്രകാരം ഗുരുവായൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിരുന്നു.

(3) അമൃത് പദ്ധതിയുടെ കീഴിൽ ഗുരുവായൂർ നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ, കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരമുള്ള അന്തിമ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമൃത് പദ്ധതിയുടെ കീഴിൽ ഗുരുവായൂർ നഗരസഭ പ്രദേശത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരമുള്ള അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ഗുരുവായൂർ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. വിവര പൊതുജന സാങ്കേതിക (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 19-07-2024 12:04:39